KSEB
കേരളത്തിന്റെ ഊർജ്ജം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

നമ്പർ : സി. എസ്. സി/ സേഫ്റ്റി/ 2018/268 തീയതി : 12.07.2018

ഓഫീസ് ഓർഡർ നമ്പർ : 36/2018

വിഷയം : സൺ റൈസ് മീറ്റിംഗിൽ ചൊല്ലുന്ന പ്രതിജ്ഞ വാചകത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് .- ഉത്തരവ് പുറപ്പെടുവിക്കുന്നു. -

പരാമർശം : ചീഫ് സേഫ്റ്റി കമ്മിഷണറുടെ 20.6.2018 - ലെ CSC/safety/ Accident/2018-19/ നമ്പർ കുറിപ്പ്

ചീഫ് സേഫ്റ്റി കമ്മീഷണർ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി 14.05.2018- ന് നടന്ന മീറ്റിംഗിൽ ഇതുവരെ ഉണ്ടായ അപകടങ്ങൾ ചർച്ച ചെയ്യുകയും അപകടങ്ങളിൽ കൂടുതലും ലൈൻ ഓഫ് ചെയ്ത് എർത്ത് ചെയ്യാത്തതുമൂലമാണെന്ന് വിലയിരുത്തുകയും ചെയ്തു. എല്ലാ ദിവസവും രാവിലെ കൂടുന്ന സൺറൈസ് മീറ്റിംഗിൽ ലൈൻ ഓഫ് ചെയ്ത് എർത്ത് ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും, സുരക്ഷാ പ്രതിജ്ഞയിൽ ഈ കാര്യം കൂടി ഉൾപ്പെടുത്തുകയും ചെയ്താൽ ഒരു പരിധിവരെ ഇത്തരത്തിൽ ചെയ്യാൻ ജീവനക്കാരെ പ്രേരിപ്പിക്കും എന്ന് യൂണിയൻ പ്രതിനിധികൾ അഭിപ്രായപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ **"വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിന് മുൻപ് വൈദ്യുതി ബന്ധം വിഛേദിച്ചും , ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ഞാൻ ജോലി ചെയ്യുകയുള്ളൂ. "** എന്ന വാചകം കൂടി പ്രതിജ്ഞയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ആ നിലയിൽ പുതുക്കിയ പ്രതിജ്ഞ താഴെ പറയുന്ന രീതിയിൽ ആക്കുവാനായി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം അംഗീകാരം നൽകുന്നു.

പുതുക്കിയ പ്രതിജ്ഞ

" കെ. എസ്. ഇ. ബി ലിമിറ്റഡിന്റെ വൈദ്യുതി വിതരണമേഖലയിൽ ജോലി ചെയ്യുന്ന ഞാൻ ദിവസേന ഇടപെടുന്ന പ്രവർത്തികൾ സൂക്ഷ്മ ശ്രദ്ധ ആവശ്യമുള്ള ജോലി ആണെന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ട് . എന്റെ ഭാഗത്തെ ഒരു ചെറിയ അശ്രദ്ധയോ , നിരുത്തരവാദപരമായതോ, തെറ്റായതോ ആയ പ്രവർത്തനം എനിക്കും എന്റെ സഹജീവനക്കാർക്കും മറ്റ് പൊതുജനങ്ങൾക്കും അപായകരവും ജീവഹാനിക്ക് തന്നെയോ കാരണമാകുന്നതും, എന്റെ കുടുംബത്തിനും മറ്റുള്ളവർക്കും വൈദ്യുതി ബോർഡിനും നഷ്ടത്തിന് കാരണമാകുമെന്നും ഞാൻ മനസ്സിലാക്കുന്നു. ഇന്നു മുതൽ വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിന് മുൻപ് വൈദ്യുതി ബന്ധം വിഛേദിച്ചും , ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ഞാൻ ജോലി ചെയ്യുകയുള്ളൂ എന്നും, ഞാൻ സുരക്ഷ പരിപാലനത്തിൽ ബദ്ധശ്രദ്ധനായിരിക്കുമെന്നും സുരക്ഷ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുമെന്നും ദൃഢ പ്രതിജ്ഞ ചെയ്യുന്നു."

"ഭരണഭാഷ - മാതൃഭാഷ"

പുതുക്കിയ നിലയിൽ പ്രതിജ്ഞാ വാചകം ബോർഡിന്റെ എല്ലാ സെക്ഷൻ ഓഫീസിലും ഇന്നു മുതൽ സൺ റൈസ് മീറ്റിംഗിൽ ചൊല്ലാനും ഈ പ്രതിജ്ഞാ വാചകം എല്ലാ സെക്ഷൻ ഓഫീസിലും പ്രദർശിപ്പിക്കുവാനും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

പി. ജി. ഉണ്ണികൃഷ്ണൻ

സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)